## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ : *186

05.11.2019 ൽ മറുപടിക്ക്

### പാലക്കാട് ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡിന്റെ കൈമാറ്റം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീമതി. ഗീതാ ഗോപി<br>ശ്രീ.സി. ദിവാകരൻ<br>ശ്രീ. ജി.എസ്.ജയലാൽ<br>ശ്രീ. മുഹമ്മദ് മുഹസിൻ പി. : | | ശ്രീ.ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) | കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡിന്റെ പാലക്കാട് യൂണിറ്റ് സംസ്ഥാന സർക്കാർ ഏറ്റെടുക്കുന്നതിന് നീക്കമുണ്ടോ; വ്യക്തമാക്കുമോ; | (എ), (ബി) & (സി) | കേന്ദ്ര സർക്കാർ നിതി ആയോഗിന്റെ ശുപാർശ പ്രകാരം സ്വകാര്യ-വൽക്കരിക്കുവാൻ തീരുമാനിച്ച കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡിന്റെ പാലക്കാട് യൂണിറ്റിനെ സംസ്ഥാന സർക്കാർ ഏറ്റെടുക്കുന്നതിനായി ചീഫ് സെക്രട്ടറി ചെയർമാനായി ഒരു ഉന്നതതല സമിതി സ്ഥാപനത്തിൻെറ 31/3/2017 വരെയുള്ള സാമ്പത്തിക /നിയമ അവലോകന റിപ്പോർട്ടിൻേറയും, സാങ്കേതിക വില നിർണ്ണയ റിപ്പോർട്ടിൻേറയും അടിസ്ഥാനത്തിൽ ഇൻസ്ട്രുമെൻേറഷൻ, പാലക്കാടിൻെറ ആസ്തികൾ 53.02 കോടി രൂപയ്ക്ക് വാങ്ങുന്നതിന് തീരുമാനിക്കുകയും സർക്കാർ ഉത്തരവ് GO.(MS).No.52/2018/ID 20/7/2018 പുറപ്പെടുവിക്കുകയും ചെയ്തു. തുടർന്ന് ഇൻസ്ട്രുമെൻേറഷൻ കേരള ലിമിറ്റഡ് എന്ന പേരിൽ പുതിയ കമ്പനി രൂപീകരിക്കാനുള്ള പ്രാഥമിക നടപടികൾ സ്വീകരിക്കുകയും ചെയ്തു.<br><br>കേന്ദ്ര/കേരള സർക്കാർ പ്രതിനിധികൾ ഇത് സംബന്ധിച്ച് കരട് ധാരണപത്രം തയ്യാറാക്കി കേന്ദ്ര സർക്കാറിൻെറ അന്തിമ അംഗീകാരത്തിനായി സമർപ്പിച്ചപ്പോൾ കേന്ദ്ര സർക്കാർ, ഇൻസ്ട്രുമെൻേറഷൻ ലിമിറ്റഡ്- പാലക്കാട് യൂണിറ്റിന്റെ |
| (ബി) | ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡിന്റെ രാജസ്ഥാനിലെ കോട്ട യൂണിറ്റ് നഷ്ടത്തിലായപ്പോൾ സ്വകാര്യവത്കരിച്ചതുപോലെ പാലക്കാട് യൂണിറ്റ് നഷ്ടത്തിലായപ്പോൾ സ്വകാര്യവത്കരിക്കാതിരിക്കാൻ ഈ യൂണിറ്റ് സ്വതന്ത്രമാക്കി ഏറ്റെടുക്കുന്നതിന് സംസ്ഥാന സർക്കാർ സന്നദ്ധത കാട്ടിയിട്ടും നാളിതുവരെ കൈമാറ്റം ചെയ്യാത്തത് യൂണിറ്റ് സ്വകാര്യവല്ക്കരിക്കുന്നതിനുള്ള കേന്ദ്ര താല്പര്യങ്ങൾക്ക് വിരുദ്ധമായതുകൊണ്ടാണോ; വ്യക്തമാക്കാമോ; | | |
| (സി) | പാലക്കാട് ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ് സംസ്ഥാന സർക്കാരിന് കൈമാറുന്നതിനായി ധാരണാപത്രം ഒപ്പ് വച്ചശേഷം കൈമാറ്റം വൈകിപ്പിക്കുന്നതിന് കേന്ദ്ര സർക്കാർ എന്തൊക്കെ തടസ്സവാദങ്ങൾ ഉന്നയിക്കുന്നു എന്നറിയിക്കാമോ; വിശദവിവരം നൽകാമോ? | | |

| | | | |
|---|---|---|---|
| | | | ആസ്തിവില നിർണ്ണയിക്കുന്നതിൽ വസ്തുവിന്റെ വില കൂട്ടി കണക്കാക്കണമെന്ന് ആവശ്യപ്പെട്ടിരിക്കുന്നു. പാലക്കാട് ജില്ലയിലെ പുതുശ്ശേരി വില്ലേജിൽ സൗജന്യമായി നൽകിയ 123 ഏക്കർ സ്ഥലത്തിന്റെ വില കൂടി വേണമെന്ന കേന്ദ്ര നിലപാടാണ് ഏറ്റെടുക്കൽ നടപടികളെ മന്ദഗതിയലാക്കിയത്. ഇത് പരിഹരിക്കാൻ സെക്രട്ടറി തലത്തിൽ ചർച്ചകൾ പുരോഗമിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**